(സി) ഓരോ വർഷവും അതിൽ എത്ര തുക വീതം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിൽ റവന്യൂ റിക്കോർഡുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് എൽപ്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) അവർക്ക് നാളിതുവരെ എന്ത് പ്രതിഫലം നൽകിയെന്നറിയിക്കുമോ ;

(എഫ്) എത്ര ജില്ലകളിലെ റവന്യൂ റിക്കാർഡുകൾ നാളിതുവരെ കമ്പ്യൂട്ടർവത്ക്കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ജി) ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1988-89 വർഷം മുതൽ കമ്പ്യൂട്ടർവത്ക്കരണം ആരംഭിച്ചു.

(ബി&സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി&ഇ) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(എഫ്) സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ള 756 വില്ലേജുകളുടെയും ബി.റ്റി.ആർ. എൻട്രി പൂർത്തിയായിട്ടുള്ളതും തുടർന്ന് രണ്ട് ഘട്ടങ്ങളിലായി അനുബന്ധ പ്രവർത്തനം നടന്നുവരുന്നതുമാണ്. ഒന്നാംഘട്ട കമ്പ്യൂട്ടർവത്ക്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ വില്ലേജുകളിലെ റീസർവ്വേ പൂർത്തിയാക്കിയ 205 വില്ലേജുകളിലെ ഭൂരേഖകൾ കമ്പ്യൂട്ടർവത്ക്കരിച്ച് ആയത് പൊതുജനങ്ങൾക്ക് പരാതി പരിഹാരത്തിന് അവസരം നൽകിയശേഷം www.revenuekerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഘട്ടമായി കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ അഞ്ചുജില്ലകൾ തെരഞ്ഞെടുത്ത് പ്രസ്തുത ജില്ലകളിൽ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ 351 വില്ലേജുകളിൽക്കൂടി ദ്രുതഗതിയിൽ നടപ്പാക്കിവരുന്നു. രണ്ടാംഘട്ടം പൂർത്തിയാക്കുന്നതോടുകൂടി 8 ജില്ലകളിലെ റീസർവ്വേ പൂർത്തിയാക്കിയ 556 വില്ലേജുകളിലെ ഓരോ വ്യക്തികൾക്കുമുള്ള ഭൂമി എത്രയെന്ന് ഏതൊരു പൗരനും മനസ്സിലാക്കാൻ സാധിക്കും.

(ജി) കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ദ്രുത ഗതിയിൽത്തന്നെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുവാനാണ് ശ്രമിക്കുന്നത്.

കെ. എസ്. ആർ. ടി. സി. യിൽ റിസർവ്വ് കണ്ടക്ടർ ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവർ

198 (3987) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. റിസർവ്വ് കണ്ടക്ടർ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്രപേരുടെ റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത് ; ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ കണക്കാക്കുമ്പോൾ എംപാനലിൽ ജോലി ചെയ്യുന്ന കണ്ടക്ടർമാരുടെ ഒഴിവുകളും പരിഗണിക്കാറുണ്ടോ ;

(ഡി) റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു ;

(ഇ) കെ.എസ്.ആർ.ടി.സി. യിൽ നിയമനങ്ങൾക്ക് ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) കഴിഞ്ഞ പ്രാവശ്യം എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് റിസർവ്വ് കണ്ടക്ടർ തസ്തികയിൽ ഉണ്ടായിരുന്നത് ; ഇതിൽ എത്ര പേർക്ക് നിയമനം ലഭിച്ചിരുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പി. എസ്. സി. യിൽ നിന്നും ലഭ്യമാക്കിയ പട്ടികയിലെ 6930 പേർക്ക് കെ. എസ്. ആർ. ടി. സി. നിയമനം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ആകെയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം പി. എസ്. സി. യിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ കണ്ടക്ടർമാരുടെ 689 ഒഴിവുകൾ ഉണ്ട്. കൂടാതെ മുൻപുള്ള കേരളാ പി. എസ്. സി. ലിസ്റ്റിൽ നിന്നും 701 NJD ഒഴിവുകളും നിലവിലുള്ള ലിസ്റ്റിൽ നിന്നും 2241 NJD ഒഴിവുകളും നിലവിലുണ്ട്. എന്നാൽ നിലവിലുള്ള ലിസ്റ്റിൽപ്പെട്ട 173 പേർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. 1-9-2008-ൽ 8 വർഷം പൂർത്തിയാക്കിയതും പ്രതിവർഷം 120 ഡ്യൂട്ടി ചെയ്തിരുന്നവരും ഇപ്പോൾ സർവ്വീസിൽ തുടരുന്നതുമായ താൽക്കാലിക കണ്ടക്ടർമാരുടെയും 930 കേരളാ പി. എസ്. സി. അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരുടെയും ഒഴിവുകൾ സ്ഥിരപ്പെടുത്തുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) പുതിയ അഡ്വൈസ്ഡ് ലിസ്റ്റിൽ നിന്നും 4409 പേർ കണ്ടക്ടർ ജോലിയിൽ പ്രവേശിച്ചു.

(ഇ) ഇല്ല.

(എഫ്) കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്ന് കെ. പി. എസ്. സി. ലഭ്യമാക്കിയ പട്ടികയിൽപ്പെട്ട 7120 പേർക്ക് കെ. എസ്. ആർ. ടി. സി. നിയമനം നൽകി. റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം കെ. പി. എസ്. സി. യിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly